# വിവരാവകാശ നിയമ പ്രകാരം സമർപ്പിക്കുന്ന അപ്പീൽ

7601/2017

പ്രേക്ഷിത

ഷിബുറാണി.ജെ.ജി

അഖില നിവാസ്

മുട്ടയ്ക്കാട്, പെരുമ്പഴുതൂർ.പി.ഒ

നെയ്യാറ്റിൻകര - 695126

ICDS

സ്വീകർത്താവ്

സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ

ജില്ലാ സാമൂഹ്യനീതി ഓഫീസർ

പൂജപ്പുര, തിരുവനന്തപുരം

Respected Sir

വിഷയം: ബഹു:പെരുങ്കടവിള ശിശുവികസന പദ്ധതി ഓഫീസർ നൽകിയ വിവരാവകാശ മറുപടിയിലെ ആക്ഷേപം സംബന്ധിച്ച്.

സൂചന: 23/01/2017-ൽ ലഭിച്ച വിവരാവകാശ മറുപടി.

വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയുടെ പകർപ്പും, മാഡം നൽകിയ മറുപടിയുടെ പകർപ്പും ഇതോടൊപ്പം വയ്ക്കുന്നു.

ചോദ്യം-1-ന് തെറ്റായ മറുപടിയാണ് നൽകിയിരിക്കുന്നത്. മറുപടി പൂർണ്ണവും അല്ല. മാഡം നൽകിയിരിക്കുന്നകാലയളവ് കണക്കാക്കിയാൽ 135പ്രവൃത്തി ദിവസം മാത്രമേ വരികയുള്ളൂ.

പെരുങ്കടവിള പ്രോജക്ടിലെ സെന്റർനമ്പർ:129-ൽ 01/09/2008 മുതൽ 02/12/2008 വരെയും സെന്റർനമ്പർ 128-ൽ 29/04/2009 മുതൽ 25/07/2009 വരെയും 181 ദിവസം (140 പ്രവൃത്തിദിവസം) ജോലിനോക്കിയതിന്റെ അങ്കണവാടി ഹാജർ പുസ്തകത്തിന്റെ ഫോട്ടോകോപ്പിയും, 2011-ൽ ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയ നിവേദനത്തിന് ലഭിച്ച മറുപടിയുടെ കോപ്പിയും, 2014-ൽ ലഭിച്ച എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ കോപ്പിയും ഇതോടൊപ്പം സമർപ്പിക്കുന്നു. ഇതിലൊക്കെ പ്രവൃത്തി ദിവസം മാത്രം കണക്കാക്കി 140 ദിവസം എന്ന് ഉണ്ട്.

6/2/17

ചോദ്യം-2-ന് നൽകിയ മറുപടിയിൽ 2007 മുതൽ 2010 വരെ താൽക്കാലികമായി വർക്കർമാരും ഹെൽപ്പർമാരും തുടർച്ചയായി 89 ദിവസത്തിൽ കൂടുതൽ ജോലി നോക്കിയിട്ടില്ല എന്ന് മാഡം മറുപടി നൽകിയിരിക്കുന്നു.

2007 മുതൽ 2010 വരെ കാലയളവിൽ പെരാങ്കടവിള പ്രോജക്ടിലെ 129, 162, 164, 167, 246, 250, 252 തുടങ്ങിയ സെന്റുകളിൽ താലക്കാലികമായി ജോലി നോക്കിയിട്ടുള്ള വർക്കർമാർ മറ്റ് പലസെന്ററിലും വർക്കർമാരും ഹെൽപ്പർമാരും 89 ദിവസത്തിൽ കൂടുതൽ തുടർച്ചയായി ജോലിനോക്കിയിട്ടുണ്ട്.

നെയ്യാറ്റിൻകര